**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1060** **07-12-2022 - ൽ മറുപടിയ്ക്ക്**

**ചികിത്സാ-ധനസഹായ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്ക് ലഭ്യമായിട്ടുള്ള ചികിത്സാ-ധനസഹായ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (എ) | 05.04.2018-ലെ സ.ഉ.(കൈ)നം. 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലം മരണം, പരിക്ക്, അംഗവൈകല്യം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് രണ്ട് ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ചുവരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് രണ്ട് ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്.<br><br>പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാതുക മുഴുവനായും നൽകിവരുന്നുണ്ട്. മരണമടയുന്ന വ്യക്തികളുടെ ആശ്രിതർ ഒരു വർഷത്തിനകവും പരിക്കേൽക്കുന്നവരും അംഗഭംഗം സംഭവിക്കുന്നവരും 6 മാസത്തിനകവും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകേണ്ടതാണ്. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൃഷി നാശത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നതാണ്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണ മാത്രമേ കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകി വരുന്നുള്ളൂ. കൃഷി നാശം സംബന്ധിച്ച അപേക്ഷ 6 മാസത്തിനകം അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്.<br><br>25.10.2022-ലെ സ.ഉ.(കൈ) നം. 50/2022/വനം പ്രകാരം Kerala Rules for Payment of Compensation to Victims of attack by Wild |

| | | | |
|---|---|---|---|
| | | | Animals ചട്ടം 2 (എ) യിൽ വന്യമൃഗം എന്ന നിർവ്വചന പ്രകാരമുള്ള ജീവികളുടെ ആക്രമണം മൂലം ജീവഹാനി സംഭവിക്കുന്നവർക്ക് (വനത്തിന് അകത്തോ, പുറത്തോ) നൽകിവരുന്ന നഷ്ടപരിഹാര തുക കടന്നലിന്റെയോ തേനീച്ചയുടേയോ കടിയോ കുത്തോ കാരണം ജീവഹാനിസംഭവിച്ചാലും നൽകാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ